പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3593** **20.10.2016- ൽ മറുപടിക്ക്**

## ചെറുതിരുത്തി പാലത്തിന്റെ ടോൾ പിരിവ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. യു. ആർ. പ്രദീപ്** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ചേലക്കര മണ്ഡലത്തിലെ ഭാരതപ്പുഴക്ക് കുറുകെയുള്ള ചെറുതിരുത്തി പാലത്തിന്റെ പണി എന്നാണ് പൂർത്തീകരിച്ചത്; | (എ) ചേലക്കര മണ്ഡലത്തിലെ ഭാരതപ്പുഴക്ക് കുറുകെയുള്ള ചെറുതുരുത്തി പാലത്തിന്റെ പണി 25.01.2003 - ൽ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) ഇവിടെ ടോൾ പിരിവ് ആരംഭിച്ചത് എന്നാണെന്ന് അറിയിക്കാമോ ; | (ബി) 27.01.2003 മുതലാണ് ടോൾ പിരിവ് ആരംഭിച്ചത്. |
| (സി) ഓരോ വാഹനത്തിന്റെയും കടന്നുപോകുന്നതിനുള്ള ടോൾ നിരക്ക് എത്രയാണ്; വിശദാംശം വ്യക്തമാക്കുമോ; | (സി) ഓരോ വാഹനത്തിന്റെയും കടന്നുപോകുന്നതിനുള്ള ടോൾ നിരക്ക് ചുവടെ ചേർക്കുന്നു: |

| നം. | വാഹനം | ഒരു വശത്തേക്ക് | ഇരു വശത്തേക്ക് |
|---|---|---|---|
| 1 | ബസ്, ലോറി, ട്രക്ക് | 10.00 രൂപ | 15.00 രൂപ |
| 2 | ടെമ്പോ, മിനിവാൻ | 3.00 രൂപ | 4.50 രൂപ |
| 3 | കാർ, ജീപ്പ് | 2.00 രൂപ | 3.00 രൂപ |

| ചോദ്യം | മറുപടി |
|---|---|
| (ഡി) ഇതുവരെ എത്ര കോടി രൂപ ഇപ്രകാരം ടോൾ ആയി പിരിഞ്ഞുകിട്ടി; ആകെ എത്ര കോടി രൂപയാണ് ടോൾ ആയി പിരിയ്ക്കാനുള്ളത്;<br>(ഇ) എന്നത്തേയ്ക്ക് ടോൾ പിരിവ് അവസാനിപ്പിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (ഡി) യും (ഇ) യും — ഇതുവരെ 1,11,26,771/- രൂപ ടോൾ ആയി പിരിഞ്ഞുകിട്ടി. പാലത്തിന്റെ നിർമ്മാണ ചെലവ് 11,95,48,000/- രൂപ ആയതിനാൽ പാലത്തിന്റെ നിർമ്മാണ ചെലവും 9% സാധാരണ പലിശയും ഉൾപ്പെടെയുള്ള തുക പിരിച്ചെടുക്കുന്നത് വരെയോ അല്ലെങ്കിൽ 20 വർഷമോ ഏതാണ് ആദ്യം അതുവരെ ടോൾ പിരിവ് തുടരേണ്ടതുണ്ട് എന്നാണ് കരാർ. |

സെക്ഷൻ ഓഫീസർ